**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5763** **25-03-2025 - ൽ മറുപടിയ്ക്ക്**

**പ്രതീക്ഷിത ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിന്റെ 2025 മാർച്ച് മാസത്തെ പ്രതീക്ഷിത ചെലവിന്റെ വിശദാംശം നൽകാമോ; | (എ) | നടപ്പ സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ആകെ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള തുക 1,78,771.84 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിൻറെ പ്രാഥമിക കണക്കുകൾ പ്രകാരം 2025 ഫെബ്രുവരി മാസം വരെ 1,53,026.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിൻറെ 85.60 ശതമാനമാണ്. ശേഷിക്കുന്ന തുക വിഭവ ലഭ്യതക്കനുസൃതമായി മാർച്ച് മാസത്തിൽ തന്നെ ചെലവിടാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം മാർച്ച് മാസത്തിൽ മാത്രം വിവിധ വകുപ്പുകളിലെ പ്ലാൻ ഫണ്ടുകളിൽ എത്രയാണ് ചെലവ് വന്നിട്ടുള്ളത്; ഇപ്രാവശ്യം പ്ലാൻ ഫണ്ടുകളിൽ എത്രയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം മാർച്ച് മാസത്തിൽ വിവിധ വകുപ്പുകളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പ്ലാൻ ഫണ്ടുകളിൽ 5,453.18 കോടി രൂപ ചെലവായിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 30,069.60 കോടി രൂപയാണ് പദ്ധതി ചെലവായി പ്രതീക്ഷിക്കുന്നത്. |
| (സി) | നടപ്പ സാമ്പത്തിക വർഷത്തെ ചെലവിനുള്ള തുക സർക്കാരിൽ ലഭ്യമാണോ; വിശദീകരിക്കുമോ? | (സി) | സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത പല കാരണങ്ങളാലും സംസ്ഥാനം ധന ഞെരുക്കം അഭിമുഖീകരിക്കുകയാണെങ്കിലും നികുതി പിരിവുകൾ ഊർജിതപ്പെടുത്തി വരുമാനം ഉയർത്തുന്നതിനോടൊപ്പം സർക്കാർ ചെലവുകളുടെ കാര്യക്ഷമത, ഗുണപരത, ഉത്പാദനക്ഷമത എന്നിവ ഉയർത്തിയും അനാവശ്യ ചെലവ്, ധൂർത്ത് എന്നിവ തടഞ്ഞും ധനദൃഢീകരണം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ 2025 ഫെബ്രുവരി മാസത്തെ പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനതു വരവിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 6.32 ശതമാനത്തിന്റെ വർദ്ധനവ് പ്രതിഫലിക്കുമ്പോൾ |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ വരുമാനത്തിൽ 1.80 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ തനതു വരുമാനം വർദ്ധിപ്പിച്ചും സംസ്ഥാനത്തിന് അർഹമായ കടമെടുപ്പ് സാധ്യമാക്കിയും പരമാവധി വിഭവസമാഹരണം നടത്തിക്കൊണ്ട് ബജറ്റിൽ വിഭാവനം ചെയ്തതുപോലെ വികസനക്ഷേമ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ